അതുല്യം പദ്ധതി

72 (1148) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-ൽ കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്ക് നാലാം തരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്ര വികസനം സാധ്യമാക്കുക, ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക, സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാകുക, സ്ത്രീശാക്തീകരണത്തിന് ആക്കം കൂട്ടുക, ശുചിത്വം, ആരോഗ്യം, പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം ഉണ്ടാക്കുക എന്നിവയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും പൂർണ്ണ പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതരസ്ഥാപനങ്ങളുടെയും സഹകരണത്തോടെയും ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം, ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട ഒണ്ണട വിതരണം, മറ്റ് പഠനോപകരണ വിതരണം, ലഘുഭക്ഷണ വിതരണം എന്നിവ പഠന കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത ചലച്ചിത്രതാരം ശ്രീ. ദിലീപിന്റെ സഹകരണവും

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-ാം തീയതി കേരളത്തിലെ 205913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ ഒരേ സമയം പരീക്ഷ എഴുതുകയും അതിൽ 202862 പേർ വിജയിക്കുകയും ചെയ്തു. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇൻഡ്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്ന ചടങ്ങ് 2015 ഡിസംബർ 30-ന് ആദരണീയനായ ഇൻഡ്യൻ ഉപരാഷ്ട്രപതിയുടെ മഹത് സാന്നിദ്ധ്യത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമുകൾ

73 (1149) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് വഴി ഹൈസ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനങ്ങൾക്കും സർക്കാർ ജീവനക്കാർക്കും അസാപ് വഴി സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാമുകൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലേയും, ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾക്കാണ് അസാപ് പദ്ധതിയിലൂടെ പ്രത്യേക തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി, അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യ മേഖല എന്നീ ഘടകങ്ങളിലാണ് കുട്ടികൾക്ക് പരിശീലനം ലഭിക്കുക. അസാപ് നൽകുന്ന സ്കിൽ കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ബി) ഉണ്ട്. അസാപ്പിൽ കൂടുതൽ തൊഴിൽ കോഴ്സുകൾ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കന്ററി സ്കൂളുകളിലേയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് മാത്രമാണ് അസാപ്പിൽ വിഭാവനം ചെയ്തിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly